MALAYALA MANORAMA 26-01-2017

### സെന്റ് ആൽബർട്സ് കോളജിൽ ആൽബേർഷ്യൻ എജ്യുക്കേഷൻ എക്സ്പോ

# ബഹിരാകാശ ഗവേഷണ ഫലങ്ങൾ സർവതല സ്പർശി; ഡോ. ഹെഗ്ഡെ

കൊച്ചി • ഇന്ത്യൻ ബഹിരാകാശ ഗവേഷണത്തിന്റെ സദ്ഫലങ്ങൾ സർവതല സ്പർശിയാണെന്നു സതീഷ് ധവാൻ സ്പേസ് റിസർച് സെന്റർ ഡയറക്ടർ ഡോ. വി എസ്. ഹെഗ്ഡെ.

ബഹിരാകാശ ഗവേഷണ രംഗത്തു കേരളത്തിന്റെ സംഭാവനകൾ വലുതാണെന്നും അദ്ദേഹം പറഞ്ഞു. സെന്റ് ആൽബർട്സ് കോളജിൽ ആരംഭിച്ച ആൽബേർഷ്യൻ രാജ്യാന്തര എജ്യുക്കേഷൻ എക്സ്പോ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

പാടത്തു വിതയ്ക്കേണ്ട സമയവും കൊയ്യേണ്ട സമയവും അറിയിക്കാനും കാട്ടുതീ പടരുന്നത് ചെറുക്കാനും കടലിൽ മീനുകളെ എളുപ്പം കണ്ടെത്താനുമൊക്കെ ഗവേഷണനേട്ടങ്ങൾ പ്രയോജനപ്പെടുന്നുണ്ട്. സമൂഹത്തിന് കൂടുതൽ ഗുണപ്പെടുമ്പോഴാണ് ഏത് ഗവേഷണവും ഫലപ്രാപ്തിയിലെത്തുന്നത്.

അറിവ് ക്ലാസ്മുറികളിൽ ഒതുങ്ങുന്ന കാലമല്ലിത്. മൊബൈൽ ഫോണുണ്ടെങ്കിൽ ആർക്കും പുത്തൻ അറിവുകൾ സ്വന്തമാക്കാം. നഴ്സറി ക്ലാസ് മുതൽ ക്ലാസ് മുറികളിൽ ആർട്ടിഫിഷ്യൽ ഇന്റലിജൻസിന്റെ സാധ്യതകൾ ഉപയോഗപ്പെടുത്തിയിട്ടുണ്ടെന്നും അദ്ദേഹം വ്യക്തമാക്കി.

ആർച്ച് ബിഷപ് ഡോ. ജോസഫ് കളത്തിപ്പറമ്പിൽ അധ്യക്ഷനായിരുന്നു. കെ.വി. തോമസ് എംപി, ഹൈബി ഈഡൻ എംഎൽഎ, വിക്രം സാരാഭായി സ്പേസ് സെന്റർ സ്പേസ് റിസർച് ലാബ് ഡയറക്ടർ അനിൽ ഭരദ്വാജ്, സിഫ്റ്റ് ഡയറക്ടർ ഡോ. സി.എൻ. രവിശങ്കർ, കോളജ് മാനേജർ ഫാ. ആന്റണി അറയ്ക്കൽ, പ്രിൻസിപ്പൽ ഡോ. എം.എൽ. ജോസഫ് എന്നിവർ പ്രസംഗിച്ചു. വിവിധ നേട്ടങ്ങൾ സ്വന്തമാക്കിയ ജിയോ ജോസ്, മനു ഫ്രാൻസിസ്, ശ്രുതി പ്രദീപ്, എസ്. ബെബിൻ എന്നിവരെ ചടങ്ങിൽ അനുമോദിച്ചു.



കൊച്ചി സെന്റ് ആൽബർട്സ് കോളജിൽ ആരംഭിച്ച 'ആൽബേർഷ്യൻ ഇന്റർനാഷനൽ എജ്യുക്കേഷൻ എക്സ്പോ' ഉദ്ഘാടനം ചെയ്തശേഷം ഡോ. വി.എസ്. ഹെഗ്ഡെ, ഡോ. ജോസഫ് കളത്തിപ്പറമ്പിലിനൊപ്പം പ്രദർശനം വീക്ഷിക്കുന്നു.

വിദ്യാഭ്യാസ-കരിയർ ഗൈഡൻസ് സ്റ്റാളുകളാണു മേളയിലെ പ്രധാന ആകർഷണം. വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിന്നുള്ള 125 സ്റ്റാളുകളാണു പ്രദർശനത്തിലുള്ളത്. വിവിധ സെമിനാറുകളും കലാപരിപാടികളും ഇതിന്റെ ഭാഗമായി ഒരുക്കിയിട്ടുണ്ട്. രാവിലെ ഒൻപതു മുതൽ വൈകിട്ട് 6.30 വരെ നടക്കുന്ന പ്രദർശനം ശനിയാഴ്ച സമാപിക്കും.